(എഫ്) നികുതികൾ സത്വരം പിരിച്ചെടുക്കാൻ വേണ്ട കർശന നിർദ്ദേശങ്ങൾ എല്ലാ വകുപ്പുദ്യോഗസ്ഥന്മാർക്കും നൽകിയിട്ടുണ്ട്.

മോട്ടോർ വാഹനവകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്

108 (2821) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ൽ കേരള സർക്കാർ പ്രസിദ്ധീകരിച്ച മോട്ടോർ വാഹന വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് പ്രകാരം കേരളത്തിൽ ആകെ ഉണ്ടായിരുന്ന മോട്ടോർ വാഹനങ്ങളുടെ എണ്ണം എത്രയായിരുന്നു ;

(ബി) ഇപ്പോൾ കേരളത്തിൽ എത്ര മോട്ടോർ വാഹനങ്ങളുണ്ട് ; മോട്ടോർ വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(സി) എ.എം.വി.ഐ. റാങ്ക് ലിസ്റ്റ് ഹോൾഡേഴ്സ് അസ്സോസിയേഷന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) സെക്രട്ടേറിയറ്റ് നടയിൽ ഇവർ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇവരെ ചർച്ചയ്ക്ക് വിളിച്ച് സമരം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2,20,741 വാഹനങ്ങൾ

(ബി) 17,08,935 വാഹനങ്ങൾ. മോട്ടോർ വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) അസോസിയേഷൻ പ്രതിനിധികളോട് കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് സ്റ്റേഷനുകൾ

109 (2822) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ചെയ്യുന്നതിന് അംഗീകൃത ടെസ്റ്റിങ്ങ് സ്റ്റേഷനുകൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലാത്ത പക്ഷം ടെസ്റ്റിങ്ങ് സ്റ്റേഷനുകൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശ്മുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

1999 ഡിസംബർ 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങൾ

110 (2823) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഡിസംബർ 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം വാഹനങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഹെവി വെഹിക്കിൾസ് എത്ര ; ലൈറ്റ് വെഹിക്കിൾസ് എത്രയെന്ന് അറിയിക്കുമോ ;

(സി) മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും കേരളീയരുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് സ്ഥിരം ഓടിക്കൊണ്ടിരിക്കുന്നതുമായ വാഹനങ്ങളുടെ കണക്കുകൾ ശേഖരിക്കുവാൻ ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ ആകെ എത്ര വാഹനങ്ങളാണ് ഇത്തരത്തിലുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 18,59,613

(ബി) ഹെവി വെഹിക്കിൾസ് - 1,81,684.
ലൈറ്റ് വെഹിക്കിൾസ് - 16,77,929.

(സി) കണക്കുകൾ ശേഖരിക്കുവാൻ സംവിധാനം നിലവിലില്ല.

മോട്ടോർ വാഹന വകുപ്പിൽ പിരിഞ്ഞു കിട്ടേണ്ട വാഹന നികുതി

111 (2824) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ നാളിതുവരെ പിരിഞ്ഞു കിട്ടേണ്ട വാഹന നികുതി കുടിശ്ശിക എത്ര രൂപയാണ് ;

(ബി) ഈ ഇനത്തിൽ തുക കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly